# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5410** **26.03.2018-ൽ മറുപടിയ്ക്ക്**

**<u>തൃപ്പൂണിത്തുറ മണ്ഡലത്തിൽ ഫിഷ് മാർക്കറ്റ്</u>**

| <u>ചോദ്യം</u><br>ശ്രീ.എം. സ്വരാജ് | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളത്ത് ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിരുന്നോ എന്ന് അറിയിക്കുമോ;<br><br>ബി) എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;<br><br>സി) പ്രസ്തുത നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്തതിന് കാരണമെന്തെന്ന് അറിയിക്കുമോ;<br><br>ഡി) പ്രസ്തുത ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | എ), ബി), സി) & ഡി) സംസ്ഥാന സർക്കാരിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുമ്പളത്ത് ഒരു ലൈവ് ലിഹുഡ് സപ്പോർട്ട് സെന്റർ സ്ഥാപിക്കുന്നതിന് 133 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രദേശത്തെ മത്സ്യക്കച്ചവട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പദ്ധതി ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇതുവരെ ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഉപേക്ഷിക്കാൻ 20.12.2016-ൽ നടന്ന പദ്ധതി അവലോകന യോഗത്തിൽ തീരുമാനിച്ചതിനാൽ ടി പദ്ധതി ഉപേക്ഷിച്ചു |

**സെക്ഷൻ ആഫീസർ**